**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2329** **14-10-2024 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുവാനുണ്ട്; | (എ) | സംസ്ഥാനത്തെ ആകെ ഗ്രാമ പഞ്ചായത്തുകളിലെ 76 ഗ്രാമപഞ്ചായത്തുകളിലൊഴികെ മറ്റ് പഞ്ചായത്ത് ഓഫീസുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരണത്തിന്റെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി തസ്തികക്കായി മാത്രം ചുമതലപ്പെടുത്തിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് നേരിടും എന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിലെ പഞ്ചായത്ത് പെർഫോമൻസ് ഓഡിറ്റ് വിംഗ് നിർത്തലാക്കിയതിനെ തുടർന്ന് പെർഫോമൻസ് ഓഡിറ്റ് വിംഗിൽ നിന്നും ജില്ലാ ഓഫീസുകളുടെ ഭാഗമാക്കിയിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികകൾ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിൽ ഇല്ലാത്ത 76 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക്, പുനർവിന്യസിച്ച് 12.09.2023 ലെ സ.ഉ(സാധാ) നം.1803/2023/LSGD നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ഈ വിഭാഗത്തിന്റെ ജോലി തടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിലെ പ്രസ്തുത തസ്തികയിൽ ഹെഡ് ക്ലാർക്കുമാരിൽ നിന്നും പ്രമോഷൻ നൽകി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യസിച്ച അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകളിലേക്ക് നിയമാനുസൃതം പ്രമോഷൻ നിയമന നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ